**File No.TCPCTP/307/2020-C2**

**മുഖ്യനഗരാസൂത്രകയുടെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം:- നഗര-ഗ്രാമാസൂത്രണ വകുപ്പ്- മുഖ്യ നഗരാസൂത്രകയുടെ കാര്യാലയം - തിരുവനന്തപുരം - സാങ്കേതികവിഭാഗം - പാലക്കാട് ജില്ല - തേങ്കുറിശ്ശി ഗ്രാമപഞ്ചായത്ത് തേങ്കുറിശ്ശി വില്ലേജ് പെട്രോൾപമ്പ് നിർമ്മാണം- ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. തേങ്കുറിശ്ശി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 02/12/2019 ലെ എ 2/5609/19 നമ്പർ കത്ത്.

2.പാലക്കാട് ജില്ലടൗൺപ്ലാനറുടെ 25/01/2020 ലെ TCPPKD/1529/2019-C നമ്പർ കത്ത്.

---

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. **TCPCTP/307/2020 -C2** തീയതി:**20/02/2020**

---

പാലക്കാട് ജില്ലയിലെ തേങ്കുറിശ്ശി ഗ്രാമപഞ്ചായത്ത് പരിധിയില്പള്ള തേങ്കുറിശ്ശി വില്ലേജിൽ റീ സർവ്വേ നമ്പർ 38/3, 38/6 എന്നിവയിൽ ഉൾപ്പെട്ട 4910 ച.മീ വിസ്തീർണ്ണമുള്ള KLU ഓർഡർ ലഭിച്ചിട്ടുള്ളതും 38/6 -ൽ ഉൾപ്പെട്ടതുമായ 1565 ച.മീ സ്ഥലത്ത് ആകെ 188.92 ച.മീ വിസ്തീർണ്ണമുള്ള (Sales Building 25.12 ച.മീ + കനോപ്പി ഏരിയ 163.80 ച.മീ) പെട്രോൾപമ്പ് നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീമതി. പ്രേമലത, കന്നുകാട്, തേങ്കുറുശ്ശി, പാലക്കാട് ന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ .പി.ബി.ആർ 2011-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ - ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

നിബന്ധനകൾ

1. വിഭാവനം കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം 2011 നും തുടർന്നുള്ള ഭേദഗതികൾക്കും അനുസൃതം ആയിരിക്കണം.
2. വിഭാവന നിർമ്മാണ സ്ഥലത്തിന്റെ അതിരുകൾ, അളവുകൾ, ഉടമസ്ഥാവകാശം, വിസ്തീർണ്ണം, റവന്യ വിശദാംശങ്ങൾ എന്നിവ സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
3. സമീപ പരിസ്ഥിതിയ്ക്ക് ഹാനികരമല്ലാത്ത രീതിയിൽ ഖര -ദ്രവ മാലിന്യ നിർമ്മാർജ്ജനത്തിനുള്ള സംവിധാനങ്ങളും കേരള പഞ്ചായത്ത് കെട്ടിട നിയമം 2011 ലെ റൂൾ 61 (16), 61 (17) എന്നിവ പ്രകാരമുള്ള സൗകര്യങ്ങളും മലിനീകരണ നിയന്ത്രണ ബോർഡ് അധികൃതരുടെ അനുമതിക്കു വിധേയമായി സജ്ജീകരിക്കേണ്ടതാണ്.
4. ഫയർ ഫോർസ് അധികൃതരുടെ അനുമതി ലഭ്യമാക്കേണ്ടതാണ്.

5. വിഭാവന നിർമ്മാണ സ്ഥലം കേരള നെൽ വയൽ തണ്ണീർത്തട സംരക്ഷണ ആക്റ്റ് 2008 നും തുടർന്ന് 2018 ലെ ഭേദഗതികൾക്കും അനുസൃതമായിരിക്കണം.
6. നിയമാനുസൃത പാർക്കിംഗ് സംവിധാനം നിജപ്പെടുത്തി ക്രമപ്പെടുത്തേണ്ടതാണ്.
7. സാനിറ്റേഷൻ സൗകര്യങ്ങൾ നിയമാനുസൃതം നല്കിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
8. നിർമ്മാണ സമയത്ത് ആവശ്യമായ സുരക്ഷ സംവിധാനങ്ങൾ നൽകേണ്ടതാണ്.
9. ഈ നിർമ്മാണത്തിനാവശ്യമായ രേഖകളുടെ ആധികാരികത സെക്രട്ടറി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.
10. മേൽ നിബന്ധനകൾ കൃത്യമായി പാലിച്ചിട്ടുണ്ടെന്നും ബന്ധപ്പെട്ട അധികൃതരിൽ നിന്ന് അനുമതികൾ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പുവരുത്തി മാത്രം നിർമ്മാണാനുമതിയും ഒക്യുപ്പെൻസിയും നൽകേണ്ടതാണ്.
11. ജില്ലാ കളക്ടറുടെ എൻ.ഒ.സി നേടിയിട്ടുണ്ടെന്ന് ഉറപ്പാക്കിയിരിക്കണം.
12. കെ.പി.ബി.ആർ 61 (10) പ്രകാരം പെട്രോൾ ടാങ്കിന്റെയും Vent Pipe- ന്റെയും സ്ഥാനവും നിർമ്മാണവും 1976-ലെ പെട്രോളിയം റൂൾസിനു വിധേയമായിരിക്കണം.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളു.

**<u>അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ :40/2020 ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.</u>**

മുഖ്യ നഗരാസൂത്രകയുടെ ഉത്തരവിൻ പ്രകാരം

ഉള്ളടക്കം- ഒരു സെറ്റ് പ്ലാൻ

**ജയശ്രീ.പി.ആർ**
ടൗൺ പ്ലാനർ

സെക്രട്ടറി, തേങ്കുറിശ്ശി ഗ്രാമപഞ്ചായത്ത് വിളയന്നൂർ (പി.ഒ)
പാലക്കാട്.

പകർപ്പ്:-

1. ശ്രീമതി. പ്രേമലത W/o മുത്തുമണി, കുന്നുകാട് തേങ്കുറിശ്ശി, പാലക്കാട്
2. ടൗൺ പ്ലാനർ, പാലക്കാട്
3. വെബ് സൈറ്റ്